മിസ്റ്റർ പി. നാരായണമേനോൻ: സപ്ലിമെണ്ടറി കപസ്റ്റ്റന്നുള്ള മറപടി പറഞ്ഞു കൂടെ?

മിസ്റ്റർ പറമ്പി ലോനപ്പൻ: മാരോ ഡെക്ഷനിലെ ക്ലാക്കുമാക്കു് എന്താണു് ശമ്പ മെന്നൊക്കെ ഓമ്മവെച്ചുകൊണ്ടിരിക്കുവാൻ വലിയ വിഷമമാണു്.

മിസ്റ്റർ പി. നാരായണമേനോൻ. ആ സെക്ഷനിലെ ക്ലാക്കിന്റെ ശമ്പളമറിഞ്ഞു കൂടെ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ര ം മുതൽ ന ം ക. ആയിരിക്കണം.

മിസ്റ്റർ പി. നാരായണമേനോൻ: പഞ്ചായത്തു ഡിപ്പാർട്ടുമെണ്ടിൽ ആകെ എത്ര ക്ലാക്കുമാരുണ്ടു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതു ഇപ്പോൾ പറയുവാൻ സാധ്യമല്ല.

മിസ്റ്റർ പി. നാരായണമേനോൻ: എസ്റ്റാബ്ലിഷ്മെൻറ സെക്ഷനിൽ എല്ലാ ക്ലാക്കു മാരും ജോലി ചെയ്യാറുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ജോലിചെയ്യുവാൻ പ്രാപ്തിയുള്ള ക്ലാക്കുമാരെ ആ സെ ക്ഷനിൽ വെക്കാറുണ്ടു്. അതിനു യാതൊരു വിരോധവുമില്ല. എല്ലാ ഡിപ്പാർട്ടുമെണ്ടുകളിലും അങ്ങിനെയാണു് നടക്കുന്നതു്.

മിസ്റ്റർ പി. നാരായണമേനോൻ: ആ ഡിപ്പാർട്ടുമെണ്ടിലുള്ള ക്ലാക്കുമാരുടെ ഏറവും കൂടിയ ശമ്പളം എത്രയാണു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: മാനേജക്കു് വാ to ഫ ം ംക.യും പിന്നെ അതിനു കീ ഴോട്ടു ന ംക. മുതൽ വ ംക.യും ര ംക. മുതൽ ന ംക.യും ഇങ്ങിനെ പല വിധത്തി ലുണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ: ഏറവും കുറഞ്ഞ ശമ്പളം എത്രയാണു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതല്ലെ ഞാൻ നേരത്തെ പറഞ്ഞതു്. എല്ലാം കൃത്യ മായിട്ടു പറയണമെന്നുണ്ടെങ്കിൽ ചോദ്യം നേരത്തെ വരണം.

മിസ്റ്റർ പി. നാരായണമേനോൻ: ആ സെക്ഷനിലെ ക്ലാക്കിനു കൂടുതൽ ശമ്പളം കൊടുക്കണമെന്നു പറഞ്ഞു ഡിപ്പാർട്ടുമെണ്ടു് ഹെഡ്ഡു് മിനിസ്റ്റർവഴി ഗവമ്മെണ്ടിനോടു് അപേ ക്ഷിച്ചിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഞാൻ വന്നതിനുശേഷം അങ്ങിനെയൊരു സംഗതി ഉ ണ്ടായിട്ടുള്ളതായി എനിക്കു് ഓമ്മയില്ല.

DEPRESSED CLASS STUDENTS—SUPPLY OF CLOTHES

166. മിസ്റ്റർ കെ. കൊച്ചുകുട്ടൻ:

താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവമ്മെണ്ടു് ദയവായി മറപടി പറയുമൊ.—

(എ) ഫ ഫ ഫൻ - ഫ ഫ ഫ ം എന്നീ കൊല്ലങ്ങളിൽ സെക്കൻററി ക്ലാസ്സുകളിലെ ഓരോ അധഃകൃതവിദ്യാർത്ഥിക്കും എത്ര മുണ്ടുവീതമാണു് കൊടുത്തിട്ടുള്ളതു്;

(ബി) ഫ ഫ ഫ ൭— ഫ ഫ ഫവ-നു് മുമ്പു് സെക്കണ്ടറി ക്ലാസ്സുകളിലെ ഓരോ അ ധഃകൃത വിദ്യാർത്ഥിക്കും കൊല്ലത്തിൽ എത്ര മുണ്ടു് വീതം കൊടുത്തിരുന്നു?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) മുണ്ടു് കൊടുത്തുവരുന്നതു ഓരോ കുട്ടിയുടേയും പ്രായം അനുസരിച്ചാണു്; സെ ക്കണ്ടറി പ്രൈമറി എന്നീ ക്ലാസ്സുകളെ അനുസരിച്ചല്ല.

(ബി) മേൽ ഉത്തരം നോക്കുക.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഇപ്പോൾ കൊടുക്കുന്ന വസ്ത്രവിതരണംകൊണ്ടു് അവരുടെ ആവശ്യങ്ങളെല്ലാം നിറവേറാൻ സാധിക്കുമെന്നു ഗവമ്മെണ്ടിന്നറിയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അവക്കു് ആവശ്യമുള്ള എല്ലാ കാര്യങ്ങൾക്കും വസ്ത്രം വിതരണം ചെയ്യണമെന്നു എനിക്കു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: അവരുടെ ആവശ്യത്തിന്നുള്ളതു് കൊടുക്കേണ്ടയോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: കുറെയൊക്കെ അവരുടെ ആവശ്യത്തിന്ന കൊടുക്കുവാൻ സാധിക്കും.

167. മിസ്റ്റർ കെ. കെ. കണ്ണൻ:

താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) അധഃകൃതവിദ്യാർത്ഥികൾക്കു നൽകിവന്നിരുന്ന വസ്ത്രദാനം ഇക്കൊല്ലം ഒരു തവണമാത്രം ആക്കിക്കൊണ്ടു ഉത്തരവു പാസ്സാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണു് ആ കല്പന പുറപ്പെടുവിച്ചിട്ടുള്ളതു്;

(സി) എത്ര മുണ്ടുകൾവീതമാണു് ഓരോ കുട്ടിക്കും കൊടുക്കുവാൻ അനുവദിച്ചിട്ടുള്ളതു്;

(ഡി) ഈ ഇനത്തിൽ ആകെ ഇക്കൊല്ലം കണക്കാക്കപ്പെട്ടിട്ടുള്ള സംഖ്യ എത്ര?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ഉണ്ടു്.

(ബി) ൧൯൪൨-ൽ.

(സി) ൧൧ വയസ്സിന്നു മീതെ വലിയതു് ഒന്നു്.
൧൧ വയസ്സിന്നു താഴെ എടത്തരം രണ്ടു്.
൯ വയസ്സിന്നു താഴെ ചെറിയതു് രണ്ടു്.

(ഡി) ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള സംഖ്യ ൧൫,൧൦൦ ക. (൧൪, ൪൦൦ ക. സ്റ്റെയിറ്റു് + ൭൦൦ ക. കൊടുങ്ങല്ലൂർ).

മിസ്റ്റർ കെ. കെ. കണ്ണൻ: ഈ സംഖ്യയിൽ വല്ലതും ബാക്കിവരാനിടയുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: വരാനിടയായിട്ടുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: ഉണ്ടെങ്കിൽ ആ സംഖ്യയുംകൂടി ഈ ആവശ്യത്തിന്ന കൊടുക്കാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ബാക്കിയുണ്ടെങ്കിൽ കൊടുക്കാം.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഈ വസ്ത്രം വിതരണം ചെയ്യുന്നതു് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരേമാതിരിയിലാണോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഒരേമാതിരിയാണെന്നാണു് തോന്നുന്നതു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: ൧൧ വയസ്സുള്ള ഒരു പെൺകുട്ടിക്കു് ഡിപ്പാർട്ടുമെണ്ടിൽനിന്നു കൊടുക്കുന്ന വസ്ത്രംകൊണ്ടു് കഴിച്ചുകൂട്ടുവാൻ സാധിക്കുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഒരു കുട്ടിക്കു് ആവശ്യമുള്ളതു് എല്ലാം ഗവൺമെണ്ടിന്നു കൊടുക്കുവാൻ സാധിക്കുകയില്ല. ഒന്നോ, രണ്ടോ വസ്ത്രം കൊടുക്കാമെന്നല്ലാതെ ആവശ്യമുള്ളതെല്ലാം കൊടുക്കുവാൻ പ്രയാസമാണു്.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: ഇവർക്കു കൊടുക്കാവുള്ള വസ്ത്രങ്ങളെല്ലാം വിദേശങ്ങളിൽനിന്നു വരുത്തുന്നതോ, അതോ ഈ സീതാറാം മില്ലിൽ നെയ്തു് ആക്കും വേണ്ടാത്തവിധത്തിലുള്ളതാണോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: കിട്ടുന്നതിൽ നല്ലതുനോക്കി കൊടുക്കാറുണ്ടു്.

മിസ്റ്റർ കെ. കെ. കണ്ണൻ: ഇതു് എവിടെനിന്നാണു് വാങ്ങിക്കുന്നതു്?

Mr. Parambi Lonappen *(Minister for Rural Development):* I want notice.

മിസ്റ്റർ പി. നാരായണമേനോൻ: ഇപ്പോൾ കൊടുക്കുന്ന മുണ്ടുകൾക്കു് ഓരോന്നിന്നും എന്തു വിലവരുമെന്നറിയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതിപ്പോൾ അറിഞ്ഞുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly